എസ് എ (2)2099/ 2019

കാർഷിക വികസന കർഷക ക്ഷേമ
വകുപ്പ് ഡയറക്ടറുടെ കാര്യാലയം
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി: 10/05/2019

## സർക്കുലർ

വിഷയം:-കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് - ജീവനക്കാര്യം - പൊതുസ്ഥലം മാറ്റം 2019 - അപേക്ഷ ക്ഷണിക്കുന്നത് – സമയ ക്രമത്തിലെ ഭേദഗതി - സംബന്ധിച്ച്

സൂചന:-1) ഈ കാര്യാലയത്തിലെ 11 /3 / 2019 ലെ ഇതേ നമ്പർ സർക്കുലർ
2) ഈ കാര്യാലയത്തിലെ 28/03/2019 ലെ ഇതേ നമ്പർ സർക്കുലർ
3) ഈ കാര്യാലയത്തിലെ 11/04/2019 ലെ ഇതേ നമ്പർ സർക്കുലർ
4) ഈ കാര്യാലയത്തിലെ 06/05/2019 ലെ ഇതേ നമ്പർ സർക്കുലർ
5) 10/05/2019 തീയതിയിലെ സ.ഉ (സാധാ)445/2019/ കൃഷി നമ്പർ സർക്കാർ ഉത്തരവ്

2019 ലെ പൊതുസ്ഥലം മാറ്റം ഓൺലൈൻ ആയി നടപ്പാക്കുന്നതിനുള്ള നടപടികളുടെ സമയക്രമം സൂചന (1), (3) പ്രകാരമുള്ള സർക്കുലറുകളിൽ ഉൾപ്പെടുത്തി പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ ലൈക്കിലി വേക്കൻസി ലിസ്റ്റ്( Likely Vaccancy List), ഓപ്ഷനുകൾ ലഭിക്കാത്തത്, തുടങ്ങിയവ സംബന്ധിച്ച് നിരവധി പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ടി അപാകതകൾ, SPARK-ൽ പരിശോധിച്ച് തെറ്റുള്ള പക്ഷം 10/05/2019-നകം പരിഹരിക്കുന്നതിനായി സൂചന (2),(4) സർക്കുലറുകൾ പ്രകാരം കർശന നിർദ്ദേശം നൽകിയിരുന്നു.

പൊതുസ്ഥലം മാറ്റം 2019 നടപ്പാക്കുന്നതിലെ സമയക്രമം ചുവടെ ചേർക്കും പ്രകാരം പുനഃക്രമീകരിച്ചു കൊണ്ട് സൂചന (5) പ്രകാരം സർക്കാർ ഉത്തരവ് ലഭിച്ചിട്ടുണ്ട്

| | | |
|---|---|---|
| 1 | ജീവനക്കാരുടെ വിവരങ്ങൾ SPARK ൽ unlock ചെയ്ത് അപാകതകൾ തിരുത്തി update ചെയ്ത് lock ചെയ്യുന്നത് | 07/05/2019 മുതൽ 10/05/2019 5.00 PM വരെ |
| 2 | അപാകതകൾ പരിഹരിച്ച് അന്തിമ ലിസ്റ്റ് (Likely Vacancy List) പ്രസിദ്ധീകരിക്കുന്നത് | 10/05/2019 6.00 PM വരെ |
| 3 | ജീവനക്കാർ സ്ഥലം മാറ്റ അപേക്ഷകൾ ഓൺലൈൻ ആയി സമർപ്പിക്കേണ്ടത് | 11/05/2019 മുതൽ 16/05/2019 വരെ |
| 4 | അതാത് ഡി ഡി ഒ മാർ ജില്ലാ അധികാരിയായ പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് സമർപ്പിക്കേണ്ടത് | 17/05/2019 മുതൽ 20/05/2019 വരെ |
| 5 | ജില്ലാ അധികാരി (പ്രിൻസിപ്പൽ കൃഷി ഓഫീസർ) സംസ്ഥാനതല അധികാരിയായ കൃഷിവകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടത് | 21/05/2019 മുതൽ 23/05/2019 വരെ |
| 6 | സംസ്ഥാന തല അധികാരി ( കൃഷി വകുപ്പ് ഡയറക്ടർ)അപേക്ഷ അംഗീകരിക്കുന്നത്/ നിരസിക്കുന്നത് | 24/05/2019 മുതൽ 27/05/2019 വരെ |
| 7 | കരട് സ്ഥലം മാറ്റ പട്ടിക പ്രസിദ്ധീകരിക്കുന്നത് | 28/05/2019 |
| 8 | കരട് പട്ടികയിൽ പരാതികൾ/ ആക്ഷേപങ്ങൾ ഉള്ളപക്ഷം ആയത് സമർപ്പിക്കേണ്ടത് | 29/05/2019 മുതൽ 03/06/2019 വരെ |
| 9 | പരാതികൾ/ആക്ഷേപങ്ങൾ പരിശോധിക്കൽ/തീർപ്പാക്കൽ | 04/06/2019 മുതൽ 13/06/2019 വരെ |
| 10 | അന്തിമ സ്ഥലംമാറ്റ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത് | 14/06/2019 |

സൂചന(1), (3) സർക്കുലറുകൾ പ്രകാരം ഓൺലൈനായി 15/03/2019 നും 25/03/2019 നും ഇടയിലും, 01/05/2019നും 06/05/2019 നും ഇടയിൽ അപേക്ഷ സമർപ്പിച്ച ജീവനക്കാർ അവരുടെ അപേക്ഷ പുനർസമർപ്പിക്കേണ്ട സാഹചര്യം ഉണ്ടെങ്കിൽ ആയത് ' Reset' ചെയ്യുന്നതിനായി കൃഷി ഡയറക്ടർക്ക് agrigeneraltransfer@gmail.com എന്ന ഇമെയിലിൽ 15/05/2019 ന് മുമ്പായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷയിൽ പേര്, പെൻ നമ്പർ, മൊബൈൽ നമ്പർ, അപേക്ഷ പുനർസമർപ്പിക്കേണ്ട സാഹചര്യം എന്നിവ കാണിച്ചിരിക്കണം. ന്യായീകരിക്കാവുന്ന സാഹചര്യം ഉള്ള പക്ഷം ഒരിക്കൽ കൂടി ഓൺലൈനായി അപേക്ഷ സമർപ്പിക്കുവാനുള്ള അവസരം നൽകുന്നതായിരിക്കും.

പൊതുസ്ഥലം മാറ്റം 2019 സംബന്ധിച്ച് സൂചന (1)ലെ സർക്കുലർ പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള മറ്റ് നിർദ്ദേശങ്ങളും വ്യവസ്ഥകളും മാറ്റമില്ലാതെ തുടരുന്നതാണ്.

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

SENIOR ADMINISTRATIVE OFFICER
Directorate of Agriculture
Vikas Bhavan, Thiruvananthapuram-33

കൃഷി വകുപ്പിലെ എല്ലാ ജീവനക്കാർക്കും

പകർപ്പ്: കൃഷി വകുപ്പിന് കീഴിലുള്ള എല്ലാ ഓഫീസിൽ മേധാവികൾക്കും
കൃഷി ഡയറക്ടറുടെ പി.എ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സി .എ
നോട്ടീസ് ബോർഡ്/ വെബ്സൈറ്റ്
കരുതൽ ഫയൽ /അധികം